# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 975 　　　　20.03.2013-ൽ മറുപടിക്ക്

### കോഴിക്കോട് ജില്ലയിലെ പ്രീ-മെട്രിക് ഹോസ്റ്റലുകൾ

ചോദ്യം 　　　　ഉത്തരം

**ശ്രീ. ഇ. കെ. വിജയൻ**

**ശ്രീ. എ.പി. അനിൽകുമാർ**
**(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിൽ പട്ടികജാതിക്കാർക്കായി എത്ര പ്രീ-മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ട്; | (എ) | 7 എണ്ണം |
| (ബി) | പ്രസ്തുത ഹോസ്റ്റലുകളിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ എത്ര; | (ബി) | എല്ലാ ഹോസ്റ്റലുകളും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (സി) | പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കാൻ എന്തു നടപടിയാണു സ്വീകരിച്ചിട്ടുള്ളത്? | (സി) | കോഴിക്കോട് ജില്ലയിലെ 7 പ്രീ-മെട്രിക് ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകളുമായി ചേർന്ന് ഈ സാമ്പത്തികവർഷം സ്വീകരിച്ച നടപടികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>**1. <u>പ്രീമെട്രിക് ഹോസ്റ്റൽ കക്കോടി</u>**<br>**<u>(Girls)</u>**<br>ഫ്രിഡ്ജ്, ഗ്രൈൻഡർ മിക്സി, അയൺ ബോക്സ് എന്നിവ വാങ്ങുന്നതിനും, അറ്റകുറ്റപണികൾ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>**2 <u>പ്രീമെട്രിക് ഹോസ്റ്റൽ അഴിയൂർ</u>**<br>**<u>(Boys)</u>**<br>കൊതുക് വല, സ്റ്റാന്റ്, അലമാര, ബെഡ് എന്നിവ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **3. <u>പ്രീമെട്രിക് ഹോസ്റ്റൽ അഴിയൂർ</u>**<br>**<u>(Girls)</u>**<br>കൊതുക് വല, ബഡ് ഷീറ്റ്, തലയിണ, ഗ്യാസ് സ്റ്റൗ, ദോശകല്ല്, എന്നിവ വാങ്ങുന്നതിനും നാപ്കിൻ ഡിസ്പോസൽ യൂണിറ്റ് സ്ഥാപിക്കുന്നതിനും കമ്പ്യൂട്ടർ വാങ്ങി പരിശീലനം നൽകൽ, ബയോ ഗ്യാസ് പ്ലാന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>**4 <u>പ്രീമെട്രിക് ഹോസ്റ്റൽ ഇരിങ്ങല്ലൂർ</u>**<br>**<u>(Boys)</u>**<br>കിടക്ക, തലയിണ എന്നിവ വാങ്ങുന്നതിനും പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കുന്നതിനും, വ്യക്തിത്വ വികസനം, കരിയർ ഗൈഡൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>**5. <u>പ്രീമെട്രിക് ഹോസ്റ്റൽ എലത്തൂർ</u>**<br>**<u>(Girls)</u>**<br>ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ബെഡ്ഷീറ്റ് സ്റ്റീൽ അലമാര എന്നിവ വാങ്ങുന്നതിനും നാപ്കിൻ ഡിസ്പോസൽ യൂണിറ്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>**6.<u>പ്രീമെട്രിക് ഹോസ്റ്റൽ അവിടനല്ലൂർ</u>**<br>**<u>(Boys)</u>**<br>കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>**7. <u>പ്രീമെട്രിക് ഹോസ്റ്റൽ മാവൂർ (Boys)</u>**<br>ഫ്രിഡ്ജ്, കട്ടിൽ, കിടക്ക, തലയിണ എന്നിവ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**